Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

വ്യാജമാണെന്ന ആക്ഷേപം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് അന്വേഷണമാണ് നിലവിൽ നടക്കുന്നതെന്ന് അറിയിക്കുമോ;

&

(ബി) നിലവിലെ കേരള കാർഷിക സർവകലാശാല വി.സി.-യുടെ വിദ്യാഭ്യാസ യോഗ്യതകൾ വെളിപ്പെടുത്താമോ?

കേരള കാർഷിക സർവകലാശാല വി.സി.-യുടെ യോഗ്യത വ്യാജമാണെന്ന പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. സർക്കാർ പ്രസ്തുത പരാതി പരിശോധിച്ചുവരികയാണ്. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ആർ. ചന്ദ്രബാബു തന്റെ വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിച്ച് നൽകിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഫൈൻ ആർട്സ് കോളേജുകളിൽ പുത്തൻതലമുറ കോഴ്സുകൾ

112(1097) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളിൽ പുത്തൻതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളിൽ പുത്തൻതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി

113(1098) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി. കോളേജുകൾ പ്രവർത്തിക്കുന്നതിന് യു.ജി.സി. മാനദണ്ഡപ്രകാരം ആവശ്യമായ സ്ഥലം എത്രയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

യു.ജി.സി. മാനദണ്ഡപ്രകാരം കോളേജുകൾക്ക് അഫിലിയേഷനുവേണ്ടി മെഗാസിറ്റികളിൽ 1.5 ഏക്കർ സ്ഥലവും മെട്രോപൊളിറ്റൻ സിറ്റികളിൽ രണ്ടേക്കർ സ്ഥലവും മറ്റ് നഗരങ്ങളിൽ 5 ഏക്കർ സ്ഥലവുമാണ് നിഷ്കർഷിട്ടുള്ളത്.

(ബി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും മറ്റ് സൗകര്യങ്ങളും ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(സി) ഇവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവയുടെ വിവരം ലഭ്യമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും കെട്ടിടങ്ങളുമില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്ഥാപനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു:-

(1) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി

(2)കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പൂത്തൻവേലിക്കര

(3) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കട്ടപ്പന

(4) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം

(5) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, നാദാപുരം

(6) മോഡൽ കോളേജ്, മീനങ്ങാടി

(7) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അട്ടപ്പാടി

(8) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മല്ലപ്പള്ളി

(ഡി) പ്രസ്തുത കോളേജുകൾ തുടർന്നും നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സ്ഥാപനങ്ങൾക്കായി ഭൂമി വില കൊടുത്ത് വാങ്ങാൻ സാധിക്കുകയില്ല. ആയതിനാൽ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലങ്ങളിലെ ബഹു. എം.എൽ.എ.-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും സഹായത്തോടെ സർക്കാർ ഭൂമിയോ മറ്റേതെങ്കിലും ഭൂമിയോ സൗജന്യമായി ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

(ഇ) വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് സ്ഥാപനങ്ങൾക്കായി ഭൂമി വില കൊടുത്ത് വാങ്ങാൻ സാധിക്കുകയില്ല. ആയതിനാൽ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന നിയോജക മണ്ഡലങ്ങളിലെ ബഹു. എം.എൽ.എ.-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും സഹായത്തോടെ സർക്കാർ ഭൂമിയോ മറ്റേതെങ്കിലും ഭൂമിയോ സൗജന്യമായി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ നടപടി

114(1099) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റണമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാമോ;

&

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) ആക്കിത്തീർക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസുകൾക്കുമായി മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ [ORICE - Online Resource Initiative of Collegiate Education] സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് അക്കാദമിക വിദഗ്ധരുടെ ക്ലാസുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly